കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി1-1839 /16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
തീയതി, 06/02/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,
വിഷയം :- പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾ ക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം

ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെചട്ടം 14, 15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൽ.എം-പി 1-1839 /16 തീയതി 06/02/2017

## കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.01.2016 മുതൽ 22.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.എം.ഗീത, ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.10.2016 മുതൽ 04.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സൈമൺ. കെ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ചന്ദ്രപ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ബിന്ദു നായർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.വസന്തകുമാരി<br>ശ്രീമതി. അമ്മിണി അമ്മ<br>ശ്രീ. ഹംസാറാവുത്തർ. എം. | 01-04-2014മുതൽ<br>31-10-2015 വരെ<br>1-11-15 മുതൽ<br>11-11-2015 വരെ<br>12-11-15 മുതൽ<br>31-3-16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| പ്രസിഡന്റ് | പേര് | കാലയളവ് |
| സെക്രട്ടറി | ശ്രീമതി. അമ്മിണി അമ്മ | 1-04-2015 മുതൽ<br>31-3-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ആർ. ബാലചന്ദ്രൻ നായർ | 1-04-2015 മുതൽ<br>31-3-2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.അമ്പിളി. റ്റി | 01-04-2015 മുതൽ<br>31-03-2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി.അപ് സര. എസ് | 01-04-2015 മുതൽ<br>31.3-03-2016 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | ശ്രീമതി. സുനിത ശിവദാസൻ | 01-04-2015 മുതൽ<br>31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.നാസിയ. എ | 01-04-2015 മുതൽ<br>31-03-2016 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ഗായത്രി | 01-04-2015 മുതൽ<br>31-03-2016 വരെ |
| ഹെഡ്മാസ്റ്റർ, ഗവ..യൂ.പി.എസ്സ് | ശ്രീ.ജോൺ. പി.ഐ | 01-04-2015 മുതൽ<br>31-03-2016 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.മുരളി.എം. പിള്ള | 01-04-2015 മുതൽ<br>31-03-2016 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഷീജാമോൾ | 01-04-2015 മുതൽ<br>31-03-2016 വരെ |

## ഉള്ളടക്കം



| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | യന്ത്രവൽകൃത വ്യവസായങ്ങളിൽ യന്ത്രങ്ങളുടെ മോട്ടോർ ഫീസ് ഈടാക്കിയതിലെ അപാകത | |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | |
| 14 | അസ്സസ്സ് ചെയ്യ്ത കെട്ടിടം നികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 2-3 |
| 15 | നികുതി നികുതിയേതര വരവുകൾ ഈടാക്കുന്നതിൽ അനാസ്ഥ - തനത് വരവിൽ വൻശോഷണം | 2-4 |
| | ഭാഗം 3 | |
| 16 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾ -രേഖകളുടെ അഭാവത്തിൽ 5,48,700/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-1 |
| 17 | വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഒടുക്കൽ -സംയുക്ത പരിശോധന | 3-2 |

| | | |
|---|---|---|
| | നടത്തിയിട്ടില്ല | |
| 18 | ഐ.കെ.എം. വിഹിതം അധികം ഒടുക്കി | 3-3 |
| 19 | ഭവന പദ്ധതി അവസാനിച്ചു - ഭവനങ്ങൾ പൂർത്തിയായില്ല | 3-4 |
| 20 | അർഹമായതിലും അധിക കാലയളവിൽ വേതനം നൽകിയിരിക്കുന്നു | 3-5 |
| 21 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുക്കൾ സംരക്ഷിക്കപ്പെടുകയോ, രേഖകൾ സൂക്ഷിക്കപ്പെടുകയോ ചെയ്യുന്നില്ല. | 3-6 |
| 22 | കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തുന്നതിലെ കാലതാമസം - പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കാത്ത ഓർഡിനറി ബൾബുകൾക്ക് കറന്റ് ചാർജ് നൽകുന്നു. | 3-7 |
| 23 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി - രേഖകളുടെ അഭാവത്തിൽ ചെലവ് തുക 143630/- രൂപ തടസ്സപ്പെടുത്തുന്നു | 3-8 |
| | ഭാഗം 4 | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 33 | സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് / പുതുക്കിയ ബജറ്റ് 23-3-2015 തീയതിയിലെ I- ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2016 | 17-7-2016 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 27-10-16 | കെ.എസ്.എ-കെ.എൽ.എം-പി1/1839/2016 |

വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

1. എല്ലാ ആസ്തികളുടെയും മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ B11 ഷെഡ്യൂളിലെ ആസ്തികളുടെ മൂല്യം കൃത്യമല്ല.
2. വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ വരവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16944746.52 /-രൂപ |
| വരവ് | 37696944/- രൂപ |
| ആകെ | 54641690.52/-രൂപ |
| ചെലവ് | 46936665/- രൂപ |

| | |
|---|---|
| നീക്കിയിരിപ്പ് | 7705025.52/- രൂപ |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2472308 | 9051575 | 11523883 | 11523883 | 0 |
| വികസനഫണ്ട് എസ്.സി.പി. | 782688 | 3570920 | 4353608 | 4353608 | 0 |
| വികസനഫണ്ട് ടി.എസ്.പി. | - | 17000 | 17000 | 17000 | - |
| സംരക്ഷണഗ്രാന്റ് റോഡ് | 602054 | 4513552 | 5115606 | 5115606 | 0 |
| സംരക്ഷണഗ്രാന്റ് നോൺ(റോഡിതരം) | 682673 | 2790356 | 3473029 | 3473029 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1829193 | 4037941 | 5867134 | 5867134 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3045720 | 490000 | 3535720 | 3535720 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1000 | 11758715 | 11759715 | 11759715 | 0 |
| ബി ഫണ്ട് | - | 597160 | 517160 | 597160 | - |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 166 | - | 153 | - | ഇല്ല | 13 | 92 |

പൂർത്തിയാകാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1.62% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) / (-) |
|---|---|---|---|---|
| നികുതി വരവുകൾ | 2985163 | 2636374 | 348789 | |
| നികുതിയേതര വരവുകൾ | 753447 | 831896 | (+)78449 | |
| മറ്റുവരവുകൾ | 6941313 | 7384507 | (-)443194 | |
| ആകെ | 10679923 | 10852777 | 172854 | 1.62% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 377160 | 210 |
| കർഷകതൊഴിലാളി പെൻഷൻ | 1546950 | 201 |
| വിധവാപെൻഷൻ | വിവരം ലഭ്യമല്ല | 923 |
| വാർദ്ധക്യകാലപെൻഷൻ | വിവരം ലഭ്യമല്ല | 898 |
| വികലാംഗപെൻഷൻ | 3345050 | 306 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4-11-2016 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5235/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വാർഡ് അടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് ഫീസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ട്രേഡേഴ്സിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭ്യമാകേണ്ട തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിന് സാധിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ B-11 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന സ്ഥിര ആസ്തികളുടെ സാധുത പരിശോധിക്കുവാൻ കഴിയുന്നില്ല. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യവസായശാലകൾക്ക് അവയുടെ യന്ത്രങ്ങളുടെ കുതിര ശക്തി അനുസരിച്ചുള്ള ഫീസ് ഈടാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14-8-2016 | 8/2016 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-1-2014 – 15-2-2014 | 2008-09 – 2012-13 | 4-4-2014 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 യന്ത്രവൽകൃത വ്യവസായങ്ങളിൽ യന്ത്രങ്ങളുടെ മോട്ടോർ ഫീസ് ഈടാക്കിയതിലെ അപാകത

(1) യന്ത്രങ്ങളുടെ കുതിരശക്തിക്ക് അനുസരിച്ച് ലൈസൻസ് ഫീസ് ഈടാക്കിയില്ല യന്ത്രവൽകൃത വ്യവസായങ്ങളിൽ യന്ത്രങ്ങളുടെ കുതിരശക്തിക്ക് അനുസരിച്ചാണ് (പഞ്ചായത്ത് രാജ് ചട്ടം 17, 18 പ്രകാരം) ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. 2015-16 ഡി & ഒ ലൈസൻസ് ഫീസ് പരിശോധനയിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് അർഹമായ ഫീസ് ഈടാക്കിയിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/ വിലാസം | സ്ഥാപനം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട തുക (രൂപ) | നഷ്ടം (രൂപ) |
|---|---|---|---|---|---|
| 1- | ശ്രീ.ശ്രീകാന്തൻ നായർ<br>എസ്.കെ ഭവൻ, കൊട്ടറ, മീയ്യന്നൂർ | റൈസ് മിൽ | 10 HP | 100 | 100 |
| 2- | ശ്രീ.സദാനന്ദൻ. എസ്<br>കളീയഴികം, വെളിയം വെസ്റ്റ് | കാഷ്യൂ പ്രോസ്സസിംഗ് | 2 HP | 50 | 50 |
| 3- | ശ്രീമതി. സൂസൺ ജോൺ<br>വാഴവിളയിൽ ഷെറിൻ നിവാസ്, കൊട്ടറ, മീയ്യന്നൂർ | ബോർമ | 1HP | 50 | 50 |

| | | | | | |
|---|---|---|---|---|---|
| 4- | ശ്രീ.അൻസാറുദ്ദീൻ<br>പുത്തൻ കടയിൽ, പയ്യക്കോട്, ഓയൂർ | സോഡാ നിർമ്മാണം | 1 HP | 50 | 50 |
| | | | | ആകെ | 250 |

ടി സ്ഥാപനങ്ങളിൽ നിന്നും ലേറ്റ് ഫീ ഉൾപ്പെടെയുള്ള തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

(2) ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നിരിക്കുന്നു.

| ക്രമ നം. | പേര് / വിലാസം | സ്ഥാപനം | യന്ത്ര ത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ട തുക (രൂപ) | ഈടാക്കിയത് (രൂപ) | നഷ്ടം (രൂപ) |
|---|---|---|---|---|---|---|
| 1- | ശ്രീ.ബേബിക്കുട്ടി.ജി.<br>ചാവടി അഴികത്ത് പുത്തൻ വീട്, പൂയപ്പള്ളി | ഫ്ലവർ മിൽ | 15 HP | 200 | 100 | 100 |
| 2- | ശ്രീ.കെ. മോഹനൻ<br>തൊടിയിൽ വീട് , വെളിയം | ഹോളോ ബ്രിക്സ് | 20 HP | 200 | 100 | 100 |
| 3- | ശ്രീമതി. മേഴ്സി.സി. ടി<br>ഏറത്ത് റിജോ ഭവൻ, മരുതമൺപള്ളി,<br>പൂയപ്പള്ളി | റൈസ് മിൽ | 7 HP | 100 | 50 | 50 |
| 4- | ശ്രീ. ദിലീപ് കുമാർ<br>കൃഷ്ണശ്രീ, പൂയപ്പള്ളി | തടി മിൽ | 25 HP | 300 | 200 | 100 |
| | | | | | ആകെ | 350 |

മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും യന്ത്രങ്ങളുടെ കുതിര ശക്തി അനുസരിച്ചുള്ള മോട്ടോർ ഫീസ് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 2-2 <u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2015-16 വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിട്ടില്ല .വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1- | റബ്ബർ ബോർഡ് ഫീൽഡ് സ്റ്റേഷൻ,<br>പൂയപ്പള്ളി | I , II |
| 2- | ബി എസ് എൻ എൽ, പൂയപ്പള്ളി | I , II |
| 3- | ധന്യ സൂപ്പർ മാർക്കറ്റ്, പൂയപ്പള്ളി | I , II |
| 4- | കാനറാ ബാങ്ക് , പൂയപ്പള്ളി | I , II |
| 5- | സൺഫുഡ് കോർപ്പറേഷൻ , പൂയപ്പള്ളി | I , II |
| 6- | ടേസ്റ്റി നട്ട്സ് ഇൻഡസ്ട്രീസ്, പൂയപ്പള്ളി | I , II |
| 7- | രാജശീൽ ഹോസ്പിറ്റൽ, പൂയപ്പള്ളി | I , II |
| 8- | ഇമ്മാനുവൽ കാഷ്യൂ ഇൻഡസ്ട്രീസ് , മരുതമൺപള്ളി | I , II |
| 9- | ഇമ്മാനുവൽ കാഷ്യൂ ഇൻഡസ്ട്രീസ് , കായില്ല | I , II |
| 10- | യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് പോർട്ടൽ ആഫീസ് | I , II |

മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 2-3 അസ്സസ്സ് ചെയ്ത കെട്ടിടം നികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2015-16 വർഷത്തെ കെട്ടിട നികുതി പരിശോധനയിൽ അസസ്സ് ചെയ്ത കെട്ടിടങ്ങൾ ഡിമാന്റിൽ വന്നതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. കെട്ടിടം നം. | പേര്, വിലാസം | അസസ്സ് ചെയ്ത നികുതി |
|---|---|---|---|
| 1- | I/671 | ശ്രീ. സദാനന്ദൻ<br>കളീലഴികം, കൊട്ടറ | 576+29 |
| 2- | I/520 | ശ്രീ. ഗിരീഷ്<br>ഗിരീഷ് ഭവൻ, കൊട്ടറ | 367+20 |
| 3- | II/340 | ശ്രീ. അനീഷ് | 690+35 |

| | | | |
|---|---|---|---|
| | | അനീഷ് ഭവൻ, കൊട്ടറ | |
| 4- | II/232 | ശ്രീമതി.ബീന .എസ്<br>നടുവിള വീട്, കൊട്ടറ | 638+32 |
| 5- | II/84 | ശ്രീ.സുരേഷ്<br>കോണത്ത് വീട്, കൊട്ടറ | 712+36 |
| 6- | III/470 | ശ്രീ.റോയി<br>മുള്ളുകാട്ടിൽ പുത്തൻ വീട്,<br>തച്ചക്കോട് | 426+22 |
| 7- | VII/423 | ശ്രീമതി.മിനി<br>സജി ഭവൻ, മൈലോട്, നെല്ലിപ്പറമ്പ് | 304+16 |
| 8- | VIII/517 | ശ്രീ.റിജ്ജു യോഹന്നാൻ<br>എള്ളുനില വീട്, പൂയപ്പള്ളി | 640+32 |
| 9- | IX/416 | ശ്രീമതി.അമ്പിളി<br>ശിവ സദനം, കോഴിക്കോട് | 300+15 |
| 10- | IX/13 | ശ്രീ.വിൽസൺ<br>കുന്നുവിള പടിഞ്ഞാറ്റതിൽ,<br>കോഴിക്കോട് | 411+21 |
| 11- | IX/120 | ശ്രീ.ഗോപാലകൃഷ്ണ കുറുപ്പ്<br>ഗോപിക ഭവൻ, മരുതമൺപള്ളി | 664+34 |
| 12- | XIII/307 | ശ്രീ.എം ചാക്കോ<br>റജി വിലാസം, ചെങ്കുളം | 716+36 |
| 13- | XIII/378 | ശ്രീ.ജേക്കബ്ബ്<br>പനമുകളിൽ നിറപ്പിൻ,<br>പുത്തൻ വീട്, ചെങ്കുളം | 288+15 |

അസസ്സ് ചെയ്ത കെട്ടിടങ്ങൾ ഡിമാന്റിൽ ഉൾപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 നികുതി നികുതിയേതര വരവുകൾ ഈടാക്കുന്നതിൽ അനാസ്ഥ - തനത് വരവിൽ വൻശോഷണം

തൻ വർഷം ആകെ നിർണ്ണയിക്കപ്പെട്ട നികുതി-നികുതിയേതര വരവുകളുടെ കേവലം 60 % മാത്രമാണ് പഞ്ചായത്തിൽ വരുമാനം വന്നിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയങ്ങളിൽ നിന്നുള്ള വസ്തു നികുതി, വ്യവസായ ശാലകളുടെ കെട്ടിട നികുതി, ഡി & ഒ ലൈസൻസ് ഫീ എന്നിവ ഈടാക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുന്നു. കൂടാതെ വ്യവസായ ശാലകൾ, പെട്രോൾ പമ്പ് എന്നിവ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നതായി പ്രാദേശിക പരിശോധനയിൽ കണ്ടെത്തി. 02.11.2016ൽ ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിലും, 04.11.2016 ൽ ഓവർസിയറുടെ സാന്നിദ്ധ്യത്തിലും നടത്തിയ പ്രാദേശിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട നികുതി അടയ്ക്കാതെയും ലൈസൻസ് കൂടാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | ചാമവിള ഡ്യൂബി ഓഡിറ്റോറിയം, പൂയപ്പള്ളി | പഞ്ചായത്ത് കെട്ടിടത്തിന് മുന്നിലായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം 2013-2014 ന് ശേഷം ഓഡിറ്റോറിയം വസ്തുനികുതി, തൊഴിൽ നികുതി എന്നിവ അടച്ചിട്ടില്ല. ലൈസൻസ് കൂടാതെയാണ് പാചക ശാലകളും ഓഫീസും മറ്റും പ്രവർത്തിക്കുന്നത്. |
| 2. | എം.വി.എം. ഏജൻസീസ് (കൃഷ്ണ തുളസി കഫ് സിറപ്പ്), മരുതമൺ പള്ളി. | നിലവിൽ ലൈസൻസില്ല. (ലൈസൻസ് പുതുക്കിയിട്ടില്ല). സ്ഥാപനത്തിൽ നിന്നും വിറ്റു വരവിന്റെ അടിസ്ഥാനത്തിലല്ല ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. പ്രാദേശിക പരിശോധനാ വേളയിൽ ഈ സ്ഥാപത്തിലും സ്ഥാപനത്തോട് ചേർന്ന റസിഡൻഷ്യൽ ബിൽഡിംഗിലും നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും ആയതിന് പെർമിറ്റ് ലഭിച്ചിട്ടില്ല. ഫാക്ടറിയിൽ പുതുതായി യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. |
| 3. | നിഷ ഫ്യൂവൽസ്, ഓയൂർ | പെട്രോൾ പമ്പ് ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു. വിവിധ നികുതികൾ ഈടാക്കിയിട്ടില്ല. |
| 4. | ജഹോഷ് ഓഡിറ്റോറിയം, പൂയപ്പള്ളി | 2015-2016 ലെ നികുതി അടച്ചിട്ടില്ല |
| 5. | ജഹോഷ് നീന്തൽ പരിശീലന കേന്ദ്രം & | ലൈസൻസ് ഇല്ല. (കേസ് കോടതിയുടെ പരിഗണനയിലാണ്) |

| | | |
|---|---|---|
| | ഓഡിറ്റോറിയം | |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ശേഖരിച്ച് നികുതി ഈടാക്കി നിയമാനുസൃതം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകി അല്ലാത്തവ പ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -രേഖകളുടെ അഭാവത്തിൽ 5,48,700/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(എ) ഭിന്നശേഷിയുള്ളവർക്ക് വാഹനം - ജില്ലാപഞ്ചായത്ത് വിഹിതം ഒടുക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല, 1,00,000/രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.S0057/2016.

അടങ്കൽ തുക 1,00,000/-രൂപ.

ഈ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ബിൽ നം.44/15-16 / 23-03-2016 പ്രകാരം 1,00,000/-രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് (ഡി.ഡി. നം. 862705/2-03-2016) ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് ഒടുക്ക് വരുത്തിയിട്ടുണ്ട്, എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി, ടി തുക വിനിയോഗിച്ച സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ബി) കിഡ്നി ഫൗണ്ടേഷൻസ് – ജില്ലാപഞ്ചായത്ത് വിഹിതം നൽകൽ - 1,00,000/-രൂപ വിനിയോഗ സാക്ഷ്യപത്രത്തിന്റ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. S0171/2016,

അടങ്കൽ തുക.1,00,000/രൂപ.

ഈ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ബിൽ നം. 45/15-16 / 23-03-16 പ്രകാരം 1,00,000/-രൂപ പിൻവലിച്ച് (ഡി.ഡി നം.862706/23-03-16) ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

(സി) ഗ്രാമ കേന്ദ്രങ്ങളിൽ ഫർണിച്ചർ വാങ്ങൽ - രേഖകളുടെ അഭാവത്തിൽ ചെലവ് തുക 77,000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. so 108/2016
അടങ്കൽ തുക 107,100/-രൂപ.

ടി പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ബിൽ നം. 7&8/15-16/ 21-07-2015 പ്രകാരം 77,000/-രൂപ താഴെ പറയുന്ന ഫർണീച്ചർ ഉപകരണങ്ങൾ വാങ്ങിയതിന്റെ വിലയായി സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട് .

(1) Revolving chairs 4x4800= 19,200/-രൂപ

(2)Steel Table 4x4080 =16,320/-രൂപ

(3)Steel cabin 2x5636 =11,272/-രൂപ

(4)Plastic Armchair 485x42 = 20370/-രൂപ

Vat 14.5% = 9719.37

Labour charge = 250

ആകെ = 77131 /- (77,000/- രൂപ റൗണ്ട് ചെയ്ത് നല്കിയിട്ടുണ്ട്)
ടിസാധനങ്ങൾ സ്റ്റോക്കിലെടുത്ത് ഗ്രാമകേന്ദ്രങ്ങളിൽ വിതരണം വിതരണം ചെയ്തത് സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ 77,000/രൂപയുടെ ചെലവ് തടസ്സപ്പെടുന്നു.

(ഡി) തെരുവ് വിളക്ക് സ്ഥാപിക്കൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല -2,217,00/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.
പ്രോജക്ട് നം. so 104/2016,
അടങ്കൽ തുക 2,21,700/-രൂപ.
ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ബിൽ നം. 18/15-16 /24-08-15 പ്രകാരം 22,800/-രൂപയും, ബിൽ നം. 26/15-16/19-05-15 പ്രകാരം 1,98,900/-രൂപയും ഉൾപ്പെടെ 2,21,700/- രൂപ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, പള്ളിമുക്ക് എന്ന സ്ഥാപനത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ ടി തുക വിനിയോഗിച്ച് തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ ഫൈനൽ ബില്ല്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 2,21,700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു . ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

(ഇ) അംഗൻവാടിയിൽ കുഴൽ കിണർ നിർമ്മാണം - ഫൈനൽ ബില്ല്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.
പ്രോജക്ട് നം. SO 156/16,
അടങ്കൽ തുക 50,000/-രൂപ.

നാൽക്കവല വാർഡിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് വേണ്ടി 50,000/-രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് കേരള വാട്ടർ അതോറിട്ടിയിലേയ്ക്ക് ഒടുക്ക് വരുത്തിയിട്ടുണ്ട് . (ബിൽ നം.40/15-16/ 14-03-16 -1750/-രൂപ, ബിൽ നം. 49/15-16 / 28-03-16 -

48,250/-രൂപ) എന്നാൽ ടി പ്രവൃത്തി ചെയ്തതിന്റെ ഫൈനൽ വർക്ക് ബില്ല്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ച് ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 <u>വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഒടുക്കൽ -സംയുക്ത പരിശോധന നടത്തിയിട്ടില്ല</u>

പ്രോജക്റ്റ് നം. S0077/2016,

അടങ്കൽ തുക 2,76,700/-രൂപ

ഓഡിറ്റ് വർഷം മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് ഫണ്ടിൽ നിന്നും 2,76,700/- രൂപ വാട്ടർ അതോറിട്ടിയിലേയ്ക്ക് വെള്ളക്കരം ഇനത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കുന്നില്ല. തുക പിൻവലിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

ബിൽ നം - 19/15-16/ 07-09-15 - 39813/- രൂപ

ബിൽ നം – 22/15-16/ 22-09-15 - 39813/- രൂപ

ബിൽ നം - 24/15-16/ 16-10-15 - 39813/- രൂപ

ബിൽ നം – 30/15-16/ 28-12-15 - 39813/- രൂപ

ബിൽ നം - 33/15-16/25-01-16 - 39813/- രൂപ

ബിൽ നം – 36/15-16/ 23-02-16 = 37822/- രൂപ

ബിൽ നം - 27/15-16/ 24-11-15 - 39813/- രൂപ

ആകെ - 2,76,700/- രൂപ

വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും, ആയതനുസരിച്ച് വെള്ളക്കരം ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-3 <u>ഐ.കെ.എം. വിഹിതം അധികം ഒടുക്കി</u>

പ്രോജക്റ്റ് നം. 180/15-16,

അടങ്കൽ തുക -47,645/-രൂപ

സർക്കാർ ഉത്തരവ് (സാധ)നം. 1228/2016 തസ്വഭവ / 08-06-2016 അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ അവർക്ക് ലഭിക്കുന്ന വികസനഫണ്ടിന്റെ 0.25% തുക നിർമ്മബന്ധമായും ഐ.കെ.എമ്മിന്റെ പ്രവർത്തനങ്ങൾക്ക് അനുവദിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും ഓഡിറ്റ് വർഷം 47,645/- രൂപ ബിൽ നം.52/15-16 /31-03-2016 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച് (ഡി.ഡി. നം.

862935/31-03-2016) ഐ.കെ.എം. ന് നൽകിയിട്ടുണ്ട്. ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വികസനഫണ്ടിനത്തിൽ ജനറൽ വിഭാഗം, സ്പെഷ്യൽ കമ്പോണൻറ്, ട്രൈബൽ സബ് പ്ലാൻ എന്നീ വിഭാഗങ്ങളിലായി 1,15,47,166/രൂപ ലഭിച്ചിട്ടുണ്ട് ആയതിന്റെ 0.25% 28,868/രൂപയാണ്. 28,868/രൂപ ഒടുക്ക് വരുത്തുന്നതിന് പകരമായി 47,645/രൂപ ഒടുക്ക് വരുത്തിയത് മുഖേന അധികമായി 18,777/-രൂപ ഐ.കെ.എമ്മിന് ഒടുക്ക് വരുത്തിയിട്ടുണ്ട് (47,645-28,868) ടി തുക അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള വിഹിതത്തിൽ ക്രമീകരിക്കുകയോ, തിരികേ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-4 ഭവന പദ്ധതി അവസാനിച്ചു - ഭവനങ്ങൾ പൂർത്തിയായില്ല

ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പൂർത്തിയാക്കി ലോൺ തുക തിരിച്ചടച്ചിട്ടും പൂയപ്പള്ളി പഞ്ചായത്തിൽ ആദ്യഗഡുക്കൾ കൈപ്പറ്റിഭവന നിർമ്മാണം പൂർത്തിയാക്കാൻ അഞ്ച് ഗുണഭോക്താക്കൾ ശേഷിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും മേൽ വിലാസവും | കൈപ്പറ്റിയ ഗഡു /തുക |
|---|---|---|
| 1. | ശ്രീ. അശോകൻ, പൊയ്കവിള വീട് , മൈലോട് | 1ാം ഗഡു 22,500/- രൂപ |
| 2. | ശ്രീമതി.റബേക്ക, മുട്ടവിളവീട്, ഓട്ടുമല | 2-ാം ഗഡു 52,500/- രൂപ |
| 3. | ശ്രീമതി.സുമാദേവി, ഉഷാവിലാസം, ചെങ്കുളം | 2-ാംഗഡു 52,500/- രൂപ |
| 4. | ശ്രീമതി.സരസ്വതി, ചരുവിള വീട്, വേങ്കോട് | 2-ാം ഗഡു 52,500/- രൂപ |
| 5. | ശ്രീമതി.രജനി, രാജി ഭവൻ, കാറ്റാടി | 2-ാംഗഡു 52,500/- രൂപ |

മേൽ ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-5 അർഹമായതിലും അധിക കാലയളവിൽ വേതനം നൽകിയിരിക്കുന്നു

തൊഴിൽ രഹിത വേതന വിതരണവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് അർഹമായതിലും അധികം കാലയളവിൽ

വേതനം നൽകിയതായി കാണുന്നു.

| ക്രമ നം. | പേര്/റോൾ നം. | ജനന തീയതി | അനുവദനീയമായ കാലയളവ് | നൽകിയ വേതന കാലയളവ് | അധികം നൽകിയ വേതനം (രൂപ) | ബിൽ നം. തീയതി |
|---|---|---|---|---|---|---|
| 1 | സിന്ധു.എൻ 648 | 23-5-1980 | 5/15 | 6/15<br>7/15 - 11/15 | 120<br>5x120=600 | 14/2015-16/ 21-8-15<br>37/15-16/ 23-2-16 |
| 2 | അംബിക.എസ് 674 | 7-5-1980 | 5/15 | 6/15 | 120 | 14/2015-16/ 21-8-15 |
| 3 | മഞ്ജു.എം.എസ് 719 | 20-5-1980 | 5/15 | 6/15 | 120 | 14/2015-16/ 21-8-15 |
| 4 | മിനി. ഒ 734 | 14-5-1980 | 5/15 | 6/15 | 120 | 14/2015-16/ 21-8-15 |
| 5 | മഞ്ജു. എസ് 753 | 10-4-1980 | 4/15 | 5/15-6/15<br>7/15-11/15 | 2x120=240<br>5x120=600 | 14/2015-16/ 21-8-15<br>37/15-16/ 23-2-16 |
| 6 | ആനിയമ്മ മാത്യു 796 | 10-5-1979 | 5/2014 | 6/14-8/14 | 3x120=360 | 40/14-15/ 24-3-15 |
| ആകെ | | | | | 2280 | |

അധികം നൽകിയ തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 3-6 <u>പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുക്കൾ സംരക്ഷിക്കപ്പെടുകയോ, രേഖകൾ സൂക്ഷിക്കപ്പെടുകയോ ചെയ്യുന്നില്ല.</u>

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ (ഭൂമിയുടെ) പരിശോധിച്ചതിൽ കാഞ്ഞിരംപാറ ലക്ഷം വീട് കോളനിയിൽ 48.60ആർ (ഒരു ഏക്കർ ഇരുപത് സെൻറ്) വസ്തു ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി പ്രദേശം പ്രാദേശികമായി പരിശോധിച്ചതിൽ നിലവിൽ മേൽപറഞ്ഞ അളവിലുള്ള വസ്തു ഉള്ളതായി ബോധ്യപ്പെട്ടിട്ടില്ല. ആയതിനാൽ ടി വസ്തു സർവ്വേ വകുപ്പിനെക്കൊണ്ട് അളന്ന് തിട്ടപ്പെടുത്തി അതിർത്തികെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പല കാലഘട്ടങ്ങളിലായി ആർജ്ജിച്ച വസ്തുക്കളുടെ രേഖകൾ (പ്രമാണം, പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പോക്ക് വരവ് ചെയ്ത രേഖകൾ) എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പഞ്ചായത്ത് ആർജ്ജിച്ച വസ്തുക്കളുടെ രേഖകൾ രജിസ്റ്ററിൽ

രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തുന്നതിലെ കാലതാമസം - പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കാത്ത ഓർഡിനറി ബൾബുകൾക്ക് കറൻറ് ചാർജ് നൽകുന്നു.

2015-2016 വർഷത്തിൽ പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കാത്ത ഓർഡിനറി ബൾബുകൾക്കും കറൻറ് ചാർജ് നൽകി വരുന്നതായി കെ.എസ്.ഇ.ബി നൽകിയിരിക്കുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം വ്യക്തമാകുന്നു.

പഞ്ചായത്തിൽ 2014-2015 വർഷത്തിലാണ് അവസാനമായി കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തിയത്. ഈ പരിശോധനാ റിപ്പോർട്ട് പ്രകാരമുള്ള വിശദ വിവരം ചുവടെ ചേർക്കുന്നു.

| തെരുവു വിളക്കിന്റെ ഇനം | വാട്ട്സ് | എണ്ണം | നിരക്ക് (രൂപ) | യൂണിറ്റ് | തുക (രൂപ) |
|---|---|---|---|---|---|
| ഓർഡിനറി ബൾബ് | 40 | 306 | 61 | 4,406 | 18,666 |
| ഓർഡിനറി ബൾബ് | 60 | 79 | 94 | 1706 | 7456 |
| ഓർഡിനറി ബൾബ് | 100 | 4 | 155 | 144 | 620 |
| ഡബിൾ ട്യൂബ് | 80 | 142 | 124 | 4090 | 17,608 |
| സിംഗിൾ ട്യൂബ് | 40 | 597 | 61 | 8597 | 36,417 |
| സി.എഫ്.എൽ സിംഗിൾ | 30 | 148 | 18 | 1598 | 2664 |
| സി.എഫ്.എൽ,ഡബിൾ | 22 | 483 | 14 | 3825 | 8762 |
| ഡബിൾ ട്യൂബ് | 80 | 13 | 14 | 3825 | 6762 |
| ഡബിൾ ട്യൂബ് | 80 | 14 | 124 | 374 | 1736 |

മേൽ റിപ്പോർട്ട് പ്രകാരം 389 സാധാരണ ബൾബുകൾ ഉപയോഗിക്കുന്നുണ്ടായിരുന്നു. ആയതിലേയ്ക്ക് പ്രതിമാസം 26,742/- രൂപ കെ.എസ്.ഇ.ബിയ്ക്ക് നല്കുന്നുണ്ട്. എന്നാൽ നിലവിൽ സാധാരണ ബൾബുകൾ ഒന്നും പഞ്ചായത്തിൽ ഉപയോഗിക്കുന്നില്ലെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും കെ.എസ്.ഇ.ബി നിലവിൽ ഇല്ലാത്തതും / ഉപയോഗിക്കാത്തതുമായ ഓർഡിനറി ബൾബുകൾക്ക് കറന്റ് ചാർജ് ഈടാക്കികൊണ്ടിരിക്കുകയാണ് എന്ന് വ്യക്തമാകുന്നു. മേൽ വിവരം സംബന്ധിച്ച്

നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/05-11-2016ന് കെ.എസ്.ഇ.ബി-യുമായി സംയുക്ത പരിശോധന നടത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്.

ഇല്ലാത്ത 389 ഓർഡിനറി ബൾബുകൾക്ക് നിലവിൽ 26,742/- രൂപ കറന്റ് ചാർജ് ഒടുക്കിവരുന്ന സാഹചര്യത്തിൽ കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി വൈദ്യുതോപകരണങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതും നാളിതുവരെ അധികമായി നൽകിയ കറന്റ് ചാർജ് തിട്ടപ്പെടുത്തി വരും മാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. കെ.എസ്.ഇ.ബിയിൽ നിന്ന് റിപ്പോർട്ട് ലഭിക്കാതിരിക്കുകയോ അധികം ഈടാക്കിയ തുക ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-8 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി - രേഖകളുടെ അഭാവത്തിൽ ചെലവ് തുക 143630/- രൂപ തടസ്സപ്പെടുത്തുന്നു.

പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ അവയ്ക്കു നേരേ രേഖപ്പെടുത്തിയിരിക്കുന്ന കാരണങ്ങളാൽ ചെലവ് തുക 143630 /- രൂപ തടസ്സപ്പെടുത്തുന്നു.

<table>
<tr><th>ക്രമ നമ്പർ</th><th colspan="2">പദ്ധതി നമ്പർ / പേര്</th><th>തടസ്സപ്പെടുത്തിയതിന്റെ കാരണം</th><th>തടസ്സപ്പെടുത്തിയ തുക<br>(രൂപ)</th></tr>
<tr><td rowspan="4">1</td><td colspan="2">പത്താം ക്ലാസിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ.</td><td rowspan="4">ഈ പദ്ധതി പ്രകാരം സൈക്കിൾ ലഭിച്ച ടി.ഇ.എം.വി.എച്ച്,എസ്.<br>എസിലെ കുട്ടികളിൽ നിന്നും കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ സ്കൂളിൽനിന്നും 6 കുട്ടികൾക്ക് സൈക്കിൾ നൽകിയ തുകയായ<br>(3971.43 x 3 = 11,914/-, 3609.52 x 3 =10828.)<br>ആകെ 22,742/- രൂപ തടസ്സപ്പെടുത്തുന്നു.</td><td rowspan="4">22,742</td></tr>
<tr><td>പദ്ധതി നം</td><td>എസ്.ഒ. 008/2015</td></tr>
<tr><td>ഫണ്ട്</td><td>എസ്.സി.പി.</td></tr>
<tr><td>അടങ്കൽ</td><td>1,94,750/-</td></tr>
</table>

| | | | | |
|---|---|---|---|---|
| | ചെലവ് | 1,88,010/- | | |
| | ബിൽ നംപർ /തീയതി | എ8/2015-16 /13.10.2015 | | |
| 2 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ | | ഈ പദ്ധതി പ്രകാരം ഫർണീച്ചർ ലഭിച്ച ടി.ഇ.എം.വി.എച്ച്,എസ്. എസിലെ കുട്ടികളിൽ നിന്നും കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ സ്കൂളിൽ നിന്നും 16 കുട്ടികൾക്ക് മേശ, കസേര എന്നിവ വാങ്ങി നൽകിയ ഇനത്തിൽ സിഡ്കോയ്ക്ക് നൽകിയ തുകയായ (3493 x 16) 55,888/- രൂപ തടസ്സപ്പെടുത്തുന്നു. | 55,888 |
| | പദ്ധതി നം. | എസ്.ഒ. 007/2015 | | |
| | ഫണ്ട് | വികസന ഫണ്ട് | | |
| | അടങ്കൽ | 5,40,000/-- | | |
| | ചെലവ് | 5,39,930/- | | |
| | ബിൽ നം./തീയതി | എ9/2015-16 20/10/2015 എ10/2015-16 20/10/2015 എ25/2015-16 26/10/2015 | | |
| 2 | മീഡിയാശ്രീ | | ഡിജിറ്റലൈസ്ഡ് ഡോക്യുമെന്റ് ലഭ്യമാക്കിയിട്ടില്ല. | 65,000 |
| | പദ്ധതി നം. | എസ്.ഒ. 090/2015-16 | | |
| | ഫണ്ട് | വികസന ഫണ്ട് | | |
| | അടങ്കൽ | 65,000/- | | |

| | | | | |
|---|---|---|---|---|
| | ചെലവ് | 65,000/- | | |
| | ബിൽനം./തീയതി | എ6/2015-16 /25.09.2016 | | |
| | ആകെ | | | 143630 |

രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (രൂപ) | പദ്ധതിയുടെ പേര്,നം | ചെലവഴിച്ച തുക (രൂപ) | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് വിഹിതം | 54000 | സമഗ്രനെൽകൃഷി വികസനം | 54000 | - |
| | 116250 | സമഗ്ര പുരയിട കൃഷി | 116250 | - |
| | 50000 | ഭിന്ന ശേഷിയുള്ളവർക്ക് പഠനസഹായി | 50000 | - |
| | 78120 | അംഗനവാടിക്ക് ഗ്യാസ് കണക്ഷൻ | 78120 | - |
| ജില്ലാ പഞ്ചായത്ത് | 90000 | സമഗ്ര പുരയിട കൃഷി | 90000 | - |
| ജില്ലാ പഞ്ചായത്ത് | 50000 | ഭിന്ന ശേഷിയുള്ളവർക്ക് പഠനസഹായി | 50000 | - |
| കേന്ദ്ര വിഹിതം | 124200 | സാനിട്ടറി യൂണിറ്റ് | 124200 | - |
| | 331118 | അംഗനവാടി പോഷകാഹാര പരിപാടി | 331118 | - |
| | 68000 | വീടുകൾക്ക് ബയോഗ്യാസ് പ്ലാന്റ് | 68000 | - |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | പൂർത്തീകരിച്ച വിവരം | ബാക്കി തുക (രൂപ) |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക് സ്റ്റൻഷൻ | 16/2015/ 17.12.2015 | 200000 | 200000 | പൂർത്തീകരണ പത്രം ഹാജരാക്കിയിട്ടില്ല | - |
| ഗ്രൗണ്ട് വാട്ടർ | ബോർവെൽ | 24/2016 / | 497787 | 497787 | പൂർത്തീകരണപത്രം | - |

| | | | | | | |
|---|---|---|---|---|---|---|
| ഡിപ്പാർട്ട്മെന്റ് | | 27.02.2016 | | | ഹാജരാക്കിയിട്ടില്ല. | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക (രൂപ) | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി (രൂപ) | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി (രൂപ) |
|---|---|---|---|---|---|---|---|
| | | | | | മുതൽ (രൂപ) | പലിശ (രൂപ) | |
| | ഇഎംഎസ് ഭവന പദ്ധതി | ലഭ്യമല്ല | 10220000 | 3001662 | 2573456 | - | 428206 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 3791/- രൂപ ഈടാക്കിയിട്ടുണ്ട്.

റിപ്പോർട്ട് വർഷം - 2010-11

ഒടുക്കിയ ആളുടെ പേര് - ശിവ പ്രസാദ്. എസ് എസ്

രസീത് നമ്പർ - 11501101953/ 13-11-15

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 37642944 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46936931 |
| വരവിനങ്ങളിലുള്ള നഷ്ടം | 600 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 692330 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 600 | - | ശ്രീമതി. ഇ . അമ്മിണി അമ്മ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 548700 | ശ്രീമതി. ഇ . അമ്മിണി അമ്മ, സെക്രട്ടറി |
| 3-8 | 143630 | ശ്രീ. ആർ. ബാലചന്ദ്രൻ നായർ , അസി. സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമില്ല

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഇ . അമ്മിണി അമ്മ, സെക്രട്ടറി | സെക്രട്ടറി, പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത് | കേദാരം , വെളിയം പി ഒ, |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ക്യൂ.പി1/1319/(5)14 തീ: 20.06.14 |
| 1998-99 | എൽ.എഫ്.ക്യൂ.പി1/1319/(3)14 തീ: 20.06.14 |
| 1999-2000 | എൽ.എഫ്.ക്യൂ.പി1/1319/(15)14 തീ: 20.06.14 |
| 2000-01 | എൽ.എഫ്.ക്യൂ.പി1/1319/(4)14 തീ: 20.06.14 |
| 2001-02 | എൽ.എഫ്.ക്യൂ.പി1/1319/14 തീ: 20.06.14 |
| 2002-03 | എൽ.എഫ്.ക്യൂ.പി1/1319/(12)14 തീ: 20.06.14 |
| 2003-04 | എൽ.എഫ്.ക്യൂ.പി1/1319/(11)14 തീ: 20.06.14 |
| 2004-05 | എൽ.എഫ്.ക്യൂ.പി1/1319/(10)14 തീ: 20.06.14 |
| 2005-06 | എൽ.എഫ്.ക്യൂ.പി1/1319/(9)14 തീ: 20.06.14 |
| 2006-07 | എൽ.എഫ്.ക്യൂ.പി1/1319/(8)14 തീ: 20.06.14 |
| 2007-08 | എൽ.എഫ്.ക്യൂ.പി1/1319/(1)14 തീ: 20.06.14 |
| 2008-09 | എൽ.എഫ്.ക്യൂ.പി1/1319/(12)14 തീ: 20.06.14 |
| 2009-10 | എൽ.എഫ്.ക്യൂ.പി1/1319/(13)14 തീ: 20.06.14 |
| 2010-11 | എൽ.എഫ്.ക്യൂ.പി1/1319/(16)14 തീ: 20.06.14 |
| 2011-12 | എൽ.എഫ്.ക്യൂ.പി1-2060/13 തീ: 16.12.13 |
| 2012-13 | എൽ.എഫ്.ക്യൂ.പി1-402/15, തീ: 7.4.15/3.6.15 |
| 2013-14 & 2014-15 | കെ എസ് എ. കെ എൽ എം പി-1/228/2016 തീ : 15-02-2016 |

ഡെപ്യൂട്ടി ഡയറക്ടർ.

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**4-10** <u>സാക്ഷ്യപത്രം.</u>

കെ.എസ്.എ. കെ.എൽ.എം - പി.1/1839 / 16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –06/02/2017

1994- ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015—16

ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൻെറ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.